**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3958** **27-10-2021 - ൽ മറുപടിയ്ക്ക്**

**എടക്കര ആയുർവേദ ആശുപത്രിയുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തെ സംസ്ഥാന ബജറ്റിൽ എടക്കര ആയുർവേദ ആശുപത്രിയുടെ സമഗ്രവികസനം എന്ന പ്രവൃത്തിക്ക് അൻപത് ലക്ഷം രൂപ വകയിരുത്തിയിരുന്നോ; വിശദമാക്കാമോ; | (എ) | 2021-22-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II [(മരാമത്തുപണികളുടെ വിശദവിവരങ്ങൾ) ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ]-ൽ ക്രമ നം. 2924-ൽ എടക്കര ഗവ. ആയുർവേദ ആശുപത്രി സമഗ്ര വികസനത്തിനായി 250 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി 50,00,000/- രൂപ വകയിരുത്തിയിരിക്കുന്നു. |
| (ബി) | ഭാരതീയ ചികിത്സാ വകുപ്പ് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഈ ഫയൽ നിലവിൽ ഏത് കാര്യാലയത്തിൽ ആണെന്നും ഫയൽ നമ്പരടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 22.06.2021-ലെ ബി2/89693/2020 നമ്പർ കത്ത് പ്രകാരം 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുകയും തുടർന്ന് ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നൽകുന്ന വിഷയത്തിൽ അഭിപ്രായം തേടിക്കൊണ്ട് ബി1/251/2021/ആയുഷ് നമ്പർ ഫയൽ ധനവകുപ്പിലേയ്ക്ക് അയച്ചിട്ടുമുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടന്ന ആശയ വിനിമയങ്ങളുടെയും എഴുത്തുകളുടെയും തീയതിയും അവ നടത്തിയ ഉദ്യോഗസ്ഥരുടെ വിവരങ്ങളുമടക്കമുള്ള വിശദാംശങ്ങൾ അറിയിക്കാമോ; വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (സി) | 2 കോടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എ.ഇ/എൽ.ബി.ആർ.ബി/ഡി3/2021 പ്രകാരം നിലമ്പൂർ അസി.എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം) 09.02.2021-ന് എടക്കര ഗവ. ആയുർവേദ ആശുപത്രിയിലെ ചീഫ് മെഡിക്കൽ ഓഫീസർക്ക് (ഇൻചാർജ്ജ്) നൽകി. ചീഫ് മെഡിക്കൽ ഓഫീസർ (ഇൻചാർജ്ജ്) സി-12/2021 നമ്പർ കത്ത് പ്രകാരം ടി എസ്റ്റിമേറ്റ് 10.02.2021-ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകുകയും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ 10.02.2021-ലെ എ1-1193/2021 നമ്പർ കത്ത് പ്രകാരം ടി എസ്റ്റിമേറ്റ് ഭാരതീയ ചികിത്സാ വകുപ്പ് മേധാവിയുടെ കാര്യാലയത്തിലേയ്ക്ക് അയച്ചുതരുകയും ആയത് 16.02.2021-ൽ ടി കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതുമാകുന്നു. 2021-22 വർഷത്തെ പ്ലാൻ write up-ൽ ഉൾപ്പെട്ട പദ്ധതികളുടെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതിയ്ക്കായുള്ള ആദ്യ വർക്കിംഗ് ഗ്രൂപ്പ് മെയ് 2021-ൽ കഴിഞ്ഞു. തുടർന്ന് 22.06.2021-ലെ ബി2-89693/2020 നമ്പർ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ടി എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അയയ്ക്കുകയും ഭരണാനുമതി ലഭിക്കുന്ന വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനവകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കേണ്ടത് ആയുഷ് വകുപ്പാണോയെന്നും ബില്ലുകൾ തീർപ്പാക്കേണ്ടത് ഏത് ശീർഷകത്തിൽ നിന്നാണെന്നും അറിയിക്കാമോ; നടപ്പുസാമ്പത്തിക വർഷം തന്നെ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാകുമോയെന്നും അറിയിക്കാമോ? | (ഡി) | എടക്കര ആയുർവേദ ആശുപത്രിയുടെ സമഗ്ര വികസനം സംബന്ധിച്ച പ്രവൃത്തിയുടെ ബില്ലുകൾക്ക് 4210-02-110-99-01-(PV)-AYURVEDA-IMPROVEMENT OF HEALTH FACILITIES – LAND ACQUISITION AND BUILDINGS – works എന്ന ശീർഷകത്തിലാണ് ഭരണാനുമതി നൽകേണ്ടത്. ഭരണാനുമതി ലഭ്യമാക്കേണ്ടത് ആയുഷ് വകുപ്പാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ